വാദിച്ചിരുന്നു. മേൽപ്പറഞ്ഞ അന്യായം ശ്രീ. സുരേഷ് കുമാർ തന്നെ പിന്നീട് പിൻവലിച്ചിട്ടുണ്ട്.

(ബി) റിപ്പോർട്ടിംഗ് അധികാരി - ചീഫ് സെക്രട്ടറി

റിവ്യൂയിംഗ് അധികാരി - ബന്ധപ്പെട്ട വകുപ്പുമന്ത്രി

അക്സപ്റ്റിംഗ് അധികാരി - മുഖ്യമന്ത്രി

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിലെ അഭിപ്രായഭിന്നതകൾ

19 (6164) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഐ.എ.എസ്. ഓഫീസർമാർക്കിടയിൽ ഇടയ്ക്കിടെ ഉണ്ടാകുന്നതായി പറയപ്പെടുന്ന അഭിപ്രായ വ്യത്യാസങ്ങളുടേയും യോജിപ്പില്ലായ്മയുടേയും ശരിയായ കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഭരണസംവിധാനത്തിന്റെ ഉന്നതശ്രേണികളിൽ സത്യസന്ധതയും അച്ചടക്കവും പരസ്പര സഹകരണവും പ്രതിബദ്ധതയും ഉണ്ടാക്കിയെടുക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഉന്നത ഉദ്യോഗസ്ഥന്മാർ അഭിമുഖീകരിക്കുന്ന പ്രയാസങ്ങളും വിഷമങ്ങളും ലഘൂകരിക്കുന്നതിനും അവരുടെ കഴിവും പ്രാപ്തിയും ജനോപകാരപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) കേരളത്തിലെ ഐ.എ.എസ്. ഓഫീസർമാർക്കിടയിൽ യോജിപ്പില്ലായ്മയും അഭിപ്രായവ്യത്യാസവും ഉണ്ടെന്നു പറയപ്പെടുന്നതിന്റെ നിജസ്ഥിതിപരിശോധിക്കാൻ ആസൂത്രണ ബോർഡ് ഉപാധ്യക്ഷനും മുൻ കാബിനറ്റ് സെക്രട്ടറിയുമായ ശ്രീ. കെ. എം. ചന്ദ്രശേഖറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

20 (6165) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ സിവിൽ സർവ്വീസ് മാതൃകയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് എന്നുമുതൽ പ്രാബല്യത്തിൽ കൊണ്ടുവരുമെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത സർവ്വീസിലേക്ക് ജനറൽ കാറ്റഗറിയിലുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി എത്രയായി നിജപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly